# പതിനാലാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ *167** — **06/02/2019-ൽ മറുപടിക്ക്**

## നിപ വൈറസ്-പ്രതിരോധ നടപടികൾ

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.എം.ഉമ്മർ**<br>**,, കെ.എൻ.എ ഖാദർ**<br>**,, വി.കെ.ഇബ്രാഹിം കുഞ്ഞ്**<br>**,, മഞ്ഞളാംകുഴി അലി** | **കെ.കെ.ശൈലജ ടീച്ചർ**<br>(ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പ് മന്ത്രി) |
| **എ)** നിപ വൈറസ് ബാധയുടെ രണ്ടാം വരവിന് സാധ്യതയുണ്ടെന്ന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;<br><br>**ബി)** ഡിസംബർ മുതൽ ജൂൺ വരെയാണ് നിപ വൈറസിന്റെ വ്യാപനകാലം എന്നതിനാൽ ഈ കാലയളവിൽ കർശന സുരക്ഷാ പ്രതിരോധ നടപടികൾ കൈക്കൊള്ളുമോ; | **എ) യും ബി) യും** വവ്വാലുകളുടെ പ്രജനനകാലം ഡിസംബർ മുതൽ മേയ് മാസം വരെ ആണെന്നും, ആ സമയങ്ങളിലാണ് നിപ വൈറസിന്റെ വ്യാപനം ഉണ്ടാകുന്നത് എന്നതിന്റെ അടിസ്ഥാനത്തിൽ ഇതു സംബന്ധിച്ച ജാഗ്രതാ നിർദ്ദേശവും മുൻകരുതൽ നടപടികളെ സംബന്ധിച്ച നിർദ്ദേശവും എല്ലാ ജില്ലാ മെഡിക്കൽ ഓഫീസർമാർക്കും നൽകിയിട്ടുണ്ട്. അതനുസരിച്ച് രോഗ-പ്രതിരോധ ബോധവത്കരണ പ്രവർത്തനങ്ങൾ നടത്തി വരികയാണ്.<br><br>കൂടാതെ സർക്കാർ മെഡിക്കൽ കോളേജുകളിൽ സ്റ്റേറ്റ്/റീജിയണൽ പീഡ് സെല്ലിന്റെ കീഴിൽ ഒരു outbreak Monitoring Unit (OMU) സജ്ജീകരിച്ചിട്ടുണ്ട്. ജനറൽ മെഡിസിൻ, പീഡിയാട്രിക്, മൈക്രോ ബയോളജി, ഇൻഫെക്ഷ്യസ് ഡിസീസ് (IDU), കമ്മ്യൂണിറ്റി മെഡിസിൻ, പത്തോളജി, ഫോറൻസിക് മെഡിസിൻ മുതലായ വിഭാഗങ്ങളിൽ ഓരോ നോഡൽ ഓഫീസർമാരെ നിയമിച്ചിട്ടുണ്ട്. OMU വിന്റെ കൺവീനർ സർക്കാർ മെഡിക്കൽ കോളേജ് ആശുപത്രി സൂപ്രണ്ടുമാരാണ്. അവശ്യഘട്ടങ്ങളിൽ സൂപ്പർ സ്പെഷ്യാലിറ്റി ഡോക്ടർമാരെയും പ്രസ്തുത യൂണിറ്റിൽ ഉൾപ്പെടുത്തുന്നു. സാധാരണ പരിശോധനയിൽ കണ്ടുപിടിക്കാൻ പറ്റാത്ത ഗുരുതരമായ രോഗങ്ങളുടെ നിർണ്ണയം, രോഗചികിത്സ, പകർച്ച തടയൽ എന്നിവയാണ് ഇതിന്റെ ലക്ഷ്യം. പ്രസ്തുത യൂണിറ്റിന്റെ യോഗം കൂടുകയും അതിൽ നിർദ്ദേശിക്കപ്പെടുന്നതനുസരിച്ച് സ്റ്റാഫ് നഴ്സ്, ഹൗസ് സർജൻസി, ആശാ വർക്കേഴ്സ്, എന്നിവർക്കായി പരിശീലന പരിപാടികൾ നൽകുകയും ചെയ്യുന്നു. പനി ബാധിതരായി |

വരുന്ന രോഗികളെ കർശന നിരീക്ഷണത്തിന് വിധേയമാക്കുകയും വിദഗ്ധ ചികിത്സയ്ക്ക് വേണ്ടിയുള്ള സൗകര്യങ്ങൾ ലഭ്യമാക്കുകയും ചെയ്യുന്നു. രോഗികൾക്കും കൂട്ടിരിപ്പുകാർക്കും ആശുപത്രി ജീവനക്കാർക്കും Personal Protective Equipments നൽകുന്നു.

| | | | |
|---|---|---|---|
| **സി)** | കഴിഞ്ഞ മെയ് മാസത്തെ നിപ വൈറസ് ബാധയ്ക്ക് ശേഷം സംസ്ഥാനത്തെവിടെയെങ്കിലും നിപ വൈറസ് ബാധ സ്ഥിരീകരിച്ചതായി റിപ്പോർട്ടുണ്ടോ; വിശദമാക്കുമോ? | **സി)** | ഇല്ല. രോഗനിരീക്ഷണം നടത്തുന്നവരുണ്ട്. നിപ രോഗലക്ഷണം ഉള്ളവരായി ആരെയും കണ്ടെത്തിയിട്ടില്ല. |

**സെക്ഷൻ ഓഫീസർ**